# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ.-10/873/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 19/11/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ.-10/873/2021 തീയ്യതി: 19/11/2021

**ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-06-2019 മുതൽ 12-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2021 | 20-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2021 | 20-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. മേജോ കെ. ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ടി.ടി. മുഹമ്മദ് ഫാസിൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിഷ ദിലീപ് | പ്രസിഡന്റ് | 01-04-2019 | 17-09-2019 |
| ശ്രീ പി.ടി മുരുകൻ | പ്രസിഡന്റ് | 18-09-2019 | 09-10-2019 |
| ശ്രീമതി സരസ്വതി ശെൽവം | പ്രസിഡന്റ് | 10-10-2019 | 31-03-2020 |
| ശ്രീ ബാബു സുരേഷ് എ.വി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജേഷ് രാജൻ | അസി. എൻജിനീയർ | 01-04-2019 | 18-07-2019 |
| ശ്രീ ഷംനാദ് എസ് | അസി. എൻജിനീയർ | 19-07-2019 | 03-01-2020 |
| ശ്രീ. അബ്ദുൾ സമദ് പി.എസ്. | അസി.എഞ്ചിനീയർ | 04-01-2020 | 31-03-2020 |
| ഡോ.ബി ഗണേശൻ | വെറ്ററിനറി സർജൻ | 01-04-2019 | 11-11-2019 |

| | | | |
|---|---|---|---|
| ഡോ.നീതു ജോർജ്ജ് | വെറ്ററിനറി സർജൻ | 12-11-2019 | 31-03-2020 |
| ശ്രീമതി. അശ്വതി ടി.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ആൻസി മറിയം പോൾ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. സാബു സെൽവാനോസ് | വി.ഇ.ഒ | 01-04-2019 | 23-10-2019 |
| ശ്രീ. രാജേഷ് കുമാർ കെ.വി | വി.ഇ.ഒ | 24-10-2019 | 31-03-2020 |
| ശ്രീമതി. ശ്രീലത വി.സി | ക്ഷീരവികസന ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീ. സുജിത് പി രാഘവൻ | ക്ഷീര വികസന ഓഫീസർ | 01-07-2019 | 31-03-2020 |
| ശ്രീ. കെ.ഗോപാലകൃഷ്ണ പിള്ള | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. സബീന സി. പി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.മിനി സി.ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 06-12-2019 |
| ഡോ. സിംല കെ. എസ്. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 07-12-2019 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Senior Grade Auditor, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-1 |
| 2 | ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-1-1 |
| 3 | മാനദണ്ഡങ്ങൾ പാലിക്കാതെ പുതുക്കിയ ബജറ്റ് പാസാക്കി<br>Written By: Majo K George (Senior Grade Auditor, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-1-2 |
| 4 | ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-2 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 1-3 |
| 7 | പട്ടികജാതി വിഭാഗം വികസന ഫണ്ട് ചെലവ് 57 ശതമാനം മാത്രം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-3-1 |
| 8 | പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് ചെലവ് 72 ശതമാനം മാത്രം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-3-2 |
| 9 | റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 51 ശതമാനം മാത്രം-68.70 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-3-3 |
| 10 | റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 60 ശതമാനം മാത്രം-15.80 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-3-4 |
| 11 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-10-2021) | 1-3-5 |
| 12 | പദ്ധതി അവലോകനം<br>Written By: Majo K George (Senior Grade Auditor, On 19-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-4 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.U.Sunny (Audit Officer, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-5 |
| 14 | ക്ഷേമപദ്ധതികൾ<br>Written By: M.U.Sunny (Audit Officer, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-6 |
| 15 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-8 |
| 17 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-9 |
| 18 | ആസ്തി രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-9-1 |
| 19 | സ്റ്റോക്ക് രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-9-2 |
| 20 | വസ്തുനികുതി-വാർഷിക കണക്കുകളിലെ തുകകളും സഞ്ചയയിലെ തുകകളും തമ്മിൽ വ്യത്യാസം<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 01-11-2021) | 1-10 |
| 21 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 02-11-2021) | 1-11 |
| 22 | കാലി വീപ്പയുടെ വില ഈടാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 19-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 1-12 |

| | | |
|---|---|---|
| 23 | പദ്ധതി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 19-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 02-11-2021) | 1-13 |
| 24 | പൂപ്പാറ ഗവ. എൽ.പി സ്കൂളിന് സംരക്ഷണ ഭിത്തി-ഓവർ ഹെഡ് ചാർജ്ജ് കുറവു ചെയ്തില്ല<br>Written By: M.U.Sunny (Audit Officer, On 19-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-11-2021) | 1-14 |
| 25 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 02-11-2021) | 1-15 |
| 26 | അലോപ്പതി മരുന്നുകൾ യഥാസമയം ലഭ്യമായില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 1-16 |
| 27 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല<br>Written By: Jomon Francis (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-11-2021) | 1-17 |
| 28 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത- നഷ്ടം ₹63366/-<br>Written By: E.V.Gibi (Asst. Audit Officer, On 18-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 1-18 |
| 29 | കുരുമുളക് തൈ വിതരണം- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 18-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 1-19 |
| 30 | പൂരകപോഷകാഹാര പദ്ധതികൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല-₹3003597/- തടസ്സപ്പെടുത്തുന്നു<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- വാങ്ങൽ നപടി ക്രമങ്ങളിൽ അപാകത - നഷ്ടം ₹63366/-<br>Written By: E.V.Gibi (Asst. Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-11-2021) | 3-1 |
| 2 | കാലി വീപ്പയുടെ വില ഈടാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 19-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 3-2 |
| 3 | പൂപ്പാറ ഗവ. എൽ.പി സ്കൂളിന് സംരക്ഷണ ഭിത്തി-ഓവർ ഹെഡ് ചാർജ്ജ് കുറവു ചെയ്തില്ല<br>Written By: M.U.Sunny (Audit Officer, On 19-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-11-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.U.Sunny (Audit Officer, On 21-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: M.U.Sunny (Audit Officer, On 21-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-11-2021) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.U.Sunny (Audit Officer, On 21-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

26.02.2019 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹20994876/- മുന്നിരിപ്പും ₹206443000/- വരവും ₹226431000/- ചെലവും ₹1006876/- രൂപ മിച്ചവും വരുന്ന 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 27.02.2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 05.02.2019 ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത് 22.02.2019-നാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

### 1-1-2 മാനദണ്ഡങ്ങൾ പാലിക്കാതെ പുതുക്കിയ ബജറ്റ് പാസാക്കി

26.03.2020 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹20994876/-മുന്നിരിപ്പും ₹222643000/- വരവും ₹235891000/- ചെലവും ₹7746876/- രൂപ മിച്ചവും വരുന്ന 2019-20 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് 1-2 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 25.03.2020 ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

### 1-1-3 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 4200000 | 3913794 | 286206 |
| | എ | വസ്തുനികുതി | 3500000 | 3139014 | 360986 |
| | ബി | തൊഴിൽ നികുതി | 700000 | 774780 | -74780 |
| 2 | | നികുതിയിതര വരവുകൾ | 6472000 | 4107554 | 2364446 |
| | എ | വാടക കെട്ടിടങ്ങൾ | 1600000 | 1411580 | 188420 |
| | ബി | വാടക-ഓഡിറ്റോറിയം | 500000 | 192500 | |
| | സി | ലൈസൻസ് | 500000 | 113050 | 386950 |
| | ഡി | സ്ഥിരനിക്ഷേപ പലിശ | 30000 | 17123 | 12877 |
| | ഇ | പലിശ | 500000 | 900221 | -400221 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 7865000 | 8075005 | -210005 |
| 4 | | വികസന ഫണ്ട് | 63226000 | 40679208 | 22546792 |
| 5 | | സംരക്ഷണ ഗ്രാന്റ് | 0 | 18827000 | -18827000 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 13660000 | 9629271 | 4030729 |
| 7 | | ഭരണ ചെലവുകൾ | 6400000 | 1459491 | 4940509 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 5500000 | 1937743 | 3562257 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 12420000 | 2081469 | 10338531 |
| 10 | | പ്ലാൻ-സേവന മേഖല | 87671350 | 30486704 | 57184646 |

| | | | | | |
|---|---|---|---|---|---|
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 13121650 | 1223088 | 11898562 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 1135000 | 953175 | 181825 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 16106000 | 6057078 | 10048922 |

(അവലംബം-2019-20 പുതുക്കിയ ബജറ്റ്, വാർഷിക കണക്കുകൾ, ബജറ്റ് അലോക്കേഷൻ ഉത്തരവുകൾ)

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.05.2020 | - | - |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17024000 | 17024000 | 14086500 | 2937500 | |
| വികസനഫണ്ട് (SCP) | 0 | 9758000 | 9758000 | 5593032 | 4164968 | |
| വികസനഫണ്ട് (TSP) | 0 | 882000 | 882000 | 636052 | 245948 | |
| 14 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 13015208 | 13015208 | 3758091 | 9257117 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14056000 | 14056000 | 7186009 | 6869991 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4771000 | 4771000 | 2891162 | 1879838 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്) | | | | | | |
| ഒ.ഡി.എഫ് | 0 | 170000 | 170000 | 161000 | 9000 | |
| ഐ.സി.ഡി.എസ് | 109186 | 825958 | 935144 | 566266 | 368878 | |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്) | | | | | | |
| ആയുർവ്വേദ വകുപ്പ് | | 254000 | 254000 | 0 | 254000 | |
| ശുചിത്വമിഷൻ* | 1101434 | 413987 | 1515421 | 692693 | 822728 | |
| എസ്.ടി കോർപ്പസ് ഫണ്ട്-കുടിവെള്ളപദ്ധതി | 1850000 | 0 | 1850000 | 0 | 1850000 | |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 0 | 697775 | 697775 | 697775 | 0 | |
| പ്രീ മൺസൂൺ | 0 | 130000 | 130000 | 130000 | 0 | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |

* പലിശ ₹7241/- ഉൾപ്പടെ. പ്രസ്തുത ലെഡ്ജർ അക്കൌണ്ടിൽ 2013 മുതലുള്ള മുന്നിരിപ്പ് ₹202400/- ഏത് ഇനത്തിലുള്ള വരവാണെന്ന് വ്യക്തമല്ലാത്തതിനാൽ അത് കുറച്ചാണ് മുന്നിരിപ്പ് ചേർത്തിട്ടുള്ളത്.

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ ശ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | വെള്ളക്കരം | വോട്ടിംഗ് മെഷീൻ | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 17024000 | 0 | 1352941 | 0 | 406 | 0 | 15670653 |
| വികസനഫണ്ട് (SCP) | 9758000 | 0 | 485294 | 0 | 0 | 0 | 9272706 |
| വികസനഫണ്ട് (TSP) | 882000 | 0 | 29412 | 0 | 0 | 0 | 852588 |

**1-3-1 പട്ടികജാതി വിഭാഗം വികസന ഫണ്ട് ചെലവ് 57 ശതമാനം മാത്രം**

പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹9758000/- ൽ 2019-20 സാമ്പത്തിക വർഷം മാത്രമാണ് ₹5593032/- ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 57 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്റ്റുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച ₹3052365/-യുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. 2019-20 ലെ സ്പിൽ ഓവർ പ്രോജക്റ്റുകൾ മാറുന്നതിന് 2020-21 സാമ്പത്തിക വർഷം ₹1174680/- അധിക അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. 2020-21ൽ അധികം ലഭിച്ച അലോട്ട്മെന്റ് കൂടി ചേർത്താൽ ചെലവ് ശതമാനം 69 ആണ്.

**1-3-2 പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് ചെലവ് 72 ശതമാനം മാത്രം**

പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹882000/- ൽ 2019-20 സാമ്പത്തിക വർഷം മാത്രമാണ് ₹636052/-ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 71 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്റ്റുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച ₹188143/-യുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. 2019-20 ലെ സ്പിൽ ഓവർ പ്രജക്റ്റുകൾ മാറുന്നതിന് 2020-21 സാമ്പത്തിക വർഷം അധിക അധിക അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. അതിനാൽ, 2.50 ലക്ഷം ലാപ്സായി.

**1-3-3 റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 51 ശതമാനം മാത്രം-68.70 ലക്ഷം ലാപ്സായി**

റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹14056000/- ൽ 2019-20 സാമ്പത്തിക വർഷം ₹7186009/-മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 51 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്റ്റുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച ₹3766106/-യുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. 2019-20 ലെ സ്പിൽ ഓവർ പ്രജക്റ്റുകൾ മാറുന്നതിന് 2020-21 സാമ്പത്തിക വർഷം അധിക അധിക അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. അതിനാൽ, 68.70 ലക്ഷം ലാപ്സായി.

**1-3-4 റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 60 ശതമാനം മാത്രം-15.80 ലക്ഷം ലാപ്സായി**

റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹4771000/- ൽ 2019-20 സാമ്പത്തിക വർഷം ₹2891162/-മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 60.60 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്റ്റുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച ₹506643/-യുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. 2019-20 ലെ സ്പിൽ ഓവർ പ്രജക്റ്റുകൾ മാറുന്നതിന് 2020-21 സാമ്പത്തിക വർഷം അധിക അധിക അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. അതിനാൽ, 15.80 ലക്ഷം ലാപ്സായി.

**1-3-5 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

1. വിവിധ ഗ്രാന്റുകളുടെ ബജറ്റ് അലോക്കേഷൻ, വരവ് വിവരങ്ങൾ തെറ്റായി ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ഗ്രാന്റുകളുടെ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള തുക നെഗറ്റീവ് ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. റോഡ് സംരക്ഷണ ഗ്രാന്റിന്റെ ചെലവ് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4. കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത ഗ്രാന്റുകളുടെ വരവ് ചെലവുകൾ, ഗ്രാന്റ്/ഇനം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.

**1-4 പദ്ധതി അവലോകനം**

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 184453134 | 127 | 64734813 | 78 | 0 | 61.95 |

2019-20 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആസൂത്രണ സമിതി | 07.11.2018 |
| വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം | 07.11.2018 |
| ഗ്രാമസഭകൾ | 11.11.2018-15.11.2018 |
| സ്റ്റാന്റിംഗ് കമ്മിറ്റി | 06.12.2018 |
| വികസന സെമിനാർ | 06.12.2018 |
| പഞ്ചായത്ത് കമ്മിറ്റി | 10.12.2018 |
| സ്പിൽ ഓവർ പദ്ധതി അംഗീകാരം | 02.05.2019 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 31.05.2019 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്റ്റുകൾ നിർദ്ദേശിക്കുന്നതിനു പകരം ആവർത്തനപരമായ പ്രോജക്റ്റുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും

പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി പുരോഗതി കൃത്യമായി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ 2019-20 പദ്ധതിയിലെ 24 പ്രോജക്ടുകൾ ക്യൂവിലേയ്ക്ക് മാറ്റേണ്ടതായി വന്നു. വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 20 പ്രോജക്ടുകൾ ഒഴിവാക്കുകയും 82 പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയും 33 പ്രോജക്ടുകൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2019 ജനുവരിയിൽ തന്നെ 2019-20 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 2828274 | 905509 |
| വെറ്ററിനറി സർജൻ | 9 | 7 | 2768300 | 720699 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 6 | 6 | 1109854 | 1027212 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 350000 | 350000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 13 | 75089998 | 19651879 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 12 | 5614772 | 3667225 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 900000 | 0 |
| സെക്രട്ടറി | 26 | 23 | 8387495 | 7005479 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 116 | 48 | 48632441 | 16065299 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 38772000 | 15341511 |
| ആകെ | 205 | 127 | 184453134 | 64734813 |

പൊതുവിഭാഗത്തിലെ പ്രോജക്ടുകളിൽ 59 ശതമാനവും പ്രത്യേകഘടക പദ്ധതിയിൽ 69 ശതമാനവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 75 ശതമാനവും പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഉല്പാദനമേഖലയിൽ 66 ശതമാനവും സേവനമേഖലയിൽ 75ശതമാനവും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ, പശ്ചാത്തല മേഖലയിൽ കേവലം 34 ശതമാനം പ്രോജക്ടുളാണ് നടപ്പാക്കിയിട്ടുള്ളത്. 2019-20 ൽ നടപ്പാക്കിയ ആകെ 127 പ്രോജക്ടുകളിൽ 72 എണ്ണവും 2018-19 ലെ സ്പിൽ ഓവർ പ്രോജക്ടുകളാണ്. 2019-20 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളിൽ കേവലം 45 ശതമാനം മാത്രമാണ് നടപ്പാക്കിയത്. പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ടുകളുടെ അലോട്ട്മെന്റിന്റെ 75 ശതമാനത്തിൽ താഴെ തുകയെ വിനിയോഗിച്ചിട്ടുള്ളൂ.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | അകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ്-ഭരണ ചെലവുകൾ | 3792 | 932325 | 936117 | 933663 | 2454 |
| തൊഴിലാളികളുടെ കൂലി | 0 | 10895724 | 10895724 | 10895724 | 0 |
| മെറ്റീരിയൽ ചെലവ് | 0 | 1645560 | 1645560 | 1645560 | 0 |

## 1-6 ക്ഷേമപദ്ധതികൾ

2019-20ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9240 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 21000 | 3 |
| വിധവാപെൻഷൻ | 5890200 | 762 |
| വാർദ്ധക്യകാലപെൻഷൻ | 9151500 | 1138 |
| വികലാംഗപെൻഷൻ | 1314600 | 166 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 28000 | 4 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2021 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹4447/-(നാലായിരത്തി നാന്നൂറ്റി നാൽപത്തിയേഴ് രൂപ മാത്രം) യുടെ നീക്കിയിരിപ്പിന്റെ

കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ഓഫീസ് ഓർഡർ മുഖേന ഗ്രാമപഞ്ചായത്തുകളിലെ വിവിധ ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, എല്ലാ ക്ലർക്കുമാർക്കും വിവിധ വാർഡുകളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ജോലി എല്ലാ മാസവും വിലയിരുത്തേണ്ടതാണ്. സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ബജറ്റ് തയ്യാറാക്കേണ്ടതാണ്. ബജറ്ററി കൺട്രോൾ പരിശോധിക്കാതെയാണ് പ്രതിമാസ വരവ്-ചെലവുകൾ നിലവിൽ അംഗീകരിക്കുന്നത്. പ്രതിമാസ വരവ്-ചെലവുകൾ ബജറ്റുമായി താരതമ്യം ചെയ്ത് മാത്രം അംഗീകാരം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ സ്റ്റോറുകൾ, ആസ്തികൾ തുടങ്ങിയവ കാലഹരണപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്ററുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**1-9 രജിസ്റ്ററുകളുടെ പരിപാലനം**

ലോൺ രജിസ്റ്റർ, ഡി.സി.ബി രജിസ്റ്ററുകൾ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, മിനിട്സ് ബുക്കുകൾ, ടെണ്ടർ രജിസ്റ്റർ, സ്ഥിരനിക്ഷേപ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ, റിക്കവറി രജിസ്റ്ററുകൾ എന്നിവ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.

**1-9-1 ആസ്തി രജിസ്റ്റർ**

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും ആസ്തി രജിസ്റ്റിൽ ചേർത്ത് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചയായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടു പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-9-2 സ്റ്റോക്ക് രജിസ്റ്റർ**

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-10 വസ്തുനികുതി-വാർഷിക കണക്കുകളിലെ തുകകളും സഞ്ചയയിലെ തുകകളും തമ്മിൽ വ്യത്യാസം**

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി (ഗാർഹികം)-തൻവർഷം | 1172429 | 1095147 | 49129 | 1172429 | 1091678 | 82381 |
| വസ്തു നികുതി (ഗാർഹികം)-കുടിശിക | 360867 | 364874 | 69529 | 256566 | 219854 | 45032 |
| വസ്തു നികുതി (ഗാർഹികേതരം)-തൻവർഷം | 1966585 | 1860197 | 101650 | 1966585 | 2103726 | 74562 |
| വസ്തു നികുതി (ഗാർഹികേതരം)-കുടിശിക | 202988 | 197270 | 5718 | 375655 | 131256 | 244454 |

വസ്തു നികുതി ഡേറ്റാബേസായ സഞ്ചയയിലെ വിവരങ്ങളും വാർഷിക കണക്കുകളിലെ വിവരങ്ങളും തമ്മിൽ വ്യത്യാസം വന്നതിനും ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-11 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല**

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും വിവിധ ഹെഡുകളിലെ കറക്ഷനും ഡിപ്രിസിയേഷൻ, പ്രയർ പീരിഡ് ഹെഡുകളിലെ ക്രമീകരണങ്ങൾ തുടങ്ങിയവയ്ക്ക് നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

**1-12 കാലി വീപ്പയുടെ വില ഈടാക്കിയില്ല**

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കാരാറുകാർക്ക് നൽകിയ അന്തിമ ബിൽ തുകയിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടാറിംഗ് പ്രവൃത്തി യുടെ പേര് | പദ്ധതി അടങ്കൽ തുക | കരാറുകാരൻ &അളവുബുക്ക് | പ്രവൃത്തിക്ക വേണ്ടി ഉപയോ ഗിച്ച ബിറ്റുമിൻ (ബാരൽ) | കാലിവീപ്പ ഒന്നിന് ₹238/- നിരക്കിൽ 18% GST ഉൾപ്പെടെ ഈടാക്കേ ണ്ടിയിരുന്ന തുക | ബിൽ നം/ തീയതി&തുക |
|---|---|---|---|---|---|
| തൊട്ടിക്കാനം പള്ളിക്കുന്ന് റോഡ്(180/20) | ₹600000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ജയിംസ് മാത്യു 529/18-19 | 22 | 5236 + ജിഎസ്ടി ₹942 | 1910075201060059052/26.9.19 ₹599847/- |
| പള്ളിക്കുന്ന് ചേരിയാർറോഡ് (188/20) | ₹600000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ജയിംസ് മാത്യു 569/18-19 | 31 | 7378 + ജി എസ് ടി ₹1328 | 1910075201060059050/26.9.19 ₹594361/- |
| രാജാപ്പാറ പുതുപ്പാറ റോഡ്(192/20) | ₹600000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ജയിംസ് മാത്യു 179/18-19 | 13 | 3094+ ജി എസ് ടി ₹557 | 1910075201060059053/26.919 ₹599694/- |
| കാവുങ്കൽ ഉപ്പാറപുൽറോഡ്(129/20) | ₹400000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ജയിംസ് മാത്യു 179/18-19 | 13 | 3094 + ജി എസ് ടി ₹ 557 | 181007520106014866/30.4.19 ₹392503/- |
| കള്ളിപ്പാറ കാവുങ്കൽ പടി റോഡ്(130/20) | ₹400000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ജയിംസ് മാത്യു 285/20-21 | 12 | 2856 + ജി എസ് ടി ₹514 | 1810075201060148665/30.4.19 ₹391767/- |
| പൂപ്പാറ വില്ലേജ് ഓഫീസ് പടി തൊട്ടിക്കാനം റോഡ്(132/20) | ₹400000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | കെ.ആർ രവീന്ദ്രൻ 180/18-19 | 12 | 2856 + ജി എസ് ടി ₹514 | 1810075201060148938/30.4.19 ₹399900/- |
| മട്ടാഞ്ചേരി റോഡ് (126/20) | ₹1500000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ജയിംസ് മാത്യു 534/18-19 | 39 | 9282 ജി എസ് ടി ₹1671 | 1810075201060156168/30.4.19 ₹1421628/- |
| ആകെ | | | | ₹33796 + ജി എസ് ടി ₹6083 | |

ടാറിംഗ് പ്രവൃത്തികളിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.5/16.9.21) മറുപടി ലഭിച്ചിട്ടില്ല. കാലി വീപ്പയുടെ വിലയിനത്തിലുള്ള നഷ്ടം ₹ 33796/- യും ₹6083/- യും ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്കും ജി.എസ്.ടി ഇനത്തിലെ നഷ്ടം ജി എസ് ടി ശീർഷകത്തിലേക്കും തിരികെ ഒടുക്കേണ്ടതാണ്.

**<u>1-13 പദ്ധതി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല</u>**

അസി. എഞ്ചിനീയർ നടപ്പിലാക്കിയ ഐ.എസ്.ഒ ഭൗതിക സാഹചര്യം ഒരുക്കൽ എന്ന പദ്ധതിയ്ക്കായി (പ്രോജക്ട് നം.155/20) ബിൽ നം. 25/10.6.2019 പ്രകാരം ₹92770/-ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട പദ്ധതി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി 9/17.9.21) മറുപടി നൽകിയിട്ടില്ല. ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ₹92770/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-14 പൂപ്പാറ ഗവ. എൽ.പി സ്കൂളിന് സംരക്ഷണ ഭിത്തി-ഓവർ ഹെഡ് ചാർജ്ജ് കുറവു ചെയ്തില്ല</u>**

| | |
|---|---|
| പ്രോജക്ട് നം | 195/20 |
| പദ്ധതി അടങ്കൽ | ₹906456/-(വികസന ഫണ്ട്- ₹157316/-; ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ₹723448/-) |
| കൺവീനർ | ശ്രീ സതീശൻ, മുരുകവിലാസം |
| അളവുബുക്ക് | 493/18-19 |
| ബിൽ നം/ തീയതി&തുക | 19100752010600314559/8.7.19; ₹704859/(പാർട്ട് ബിൽ) |

ഉണഭോക്തൃ സമിതി മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. MORD സ്പെസിഫിക്കേഷൻ പ്രകാരം DSR 2016 നിരക്കിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ആകെ പ്രവൃത്തിമൂല്യത്തിന്റെ 5.5% ഓവർഹെഡ് ചാർജ്ജിനത്തിൽ പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത തുകയാണ് കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്. അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന് അന്തിമ ബിൽ നാളിതുവരെ അനുവദിക്കുകയും ചെയ്തിട്ടില്ല. ആകെ പ്രവൃത്തിമൂല്യമായ ₹722932/-യിൽ നിന്നും 2.5% റീട്ടെൻഷൻ ₹18073/- കിഴിവ് വരുത്തിയിട്ടുണ്ടെങ്കിലും ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്യാതെ ഐ.ടി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി, ടി.ഡി.എസ്. എന്നീ നികുതിയിനങ്ങൾ കുറവ് ചെയ്ത് ₹669614/- കൺവീനർക്ക് നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്യമായ ₹722932/-യുടെ 5.5% ആയ ₹39761/- ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.6/16.09.21) മറുപടി നൽകിയിട്ടില്ല. ₹39761/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. 2019-20 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1 റേഷൻ കട ലൈസൻസി ARD നം 211

2 റേഷൻ കട ലൈസൻസി ARD നം192

3 റേഷൻ കട ലൈസൻസി ARD നം 14

4 റേഷൻ കട ലൈസൻസി ARD നം26

5 റേഷൻ കട ലൈസൻസി ARD നം16

മേൽ ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 അലോപ്പതി മരുന്നുകൾ യഥാസമയം ലഭ്യമായില്ല

ആട്ടുവിളന്താൻ കുടി, മൂലത്തറ പൂപ്പാറ കുടി, പന്തടിക്കളം കുടി, കോഴിപ്പന കുടി, എസ്റ്റേറ്റ് പൂപ്പാറ കുടി എന്നീ ആദിവാസി കുടികളിൽ 2019-20 സാമ്പത്തിക വർഷത്തിൽ അലോപ്പതി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ട്രൈബൽ ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഭക്ഷണം, യാത്ര, ബാനർ, മരുന്ന് എന്നീ ഇനങ്ങളിൽ മെയ് 2019 മുതൽ മാർച്ച് 2020 വരെയുള്ള കാലയളവിൽ 50,000 രൂപ ചെലവഴിച്ചു.

| ക്രമ നം | ആദിവാസിക്കുടി | ക്യമ്പ് നടത്തിയ തീയതി |
|---|---|---|
| 1 | ആട്ടുവിളന്താൻ കുടി | 15.05.2019<br>22.09.2019<br>10.06.2019<br>06.03.2020 |
| 2 | മൂലത്തറ പൂപ്പാറക്കുടി | 10.06.2019<br>11.07.2019<br>26.02.2020 |
| 3 | പന്തടിക്കളംകുടി | 10.06.2019<br>11.07.2019<br>26.02.2020 |
| 4 | കോഴിപ്പനക്കുടി | 18.10.2019 |
| 5 | എസ്റ്റേറ്റ് പൂപ്പാറക്കുടി | 28.02.2020 |

എന്നാൽ മരുന്ന് വാങ്ങുന്നതിന് 25,000 രൂപ പ്രോജക്ടിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ കൈമാറിയെങ്കിലും നാളിതു വരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്ടിന്റെ പേര് / നമ്പർ | ഫണ്ടിനം | ബില്ല് നമ്പർ/ തീയതി/ തുക | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയ തുക | കെ.എം.എസ്. സി.എൽ ലഭ്യമാക്കിയ മരുന്നുകൾ (₹) | കെ.എം.എസ്. സി.എൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (₹) |
|---|---|---|---|---|---|---|
| 1 | ട്രൈബൽ ക്യാമ്പ് (20/20) | വികസന ഫണ്ട് - ടി.എസ്.പി<br>അടങ്കൽ: ₹50,000 | 13/2019-20 തീയതി. 31.03.2020<br>₹ 50,000 | 25000 | 0 | 25000 |

| | | | | | |
|---|---|---|---|---|---|
| | | ചെലവ്: ₹50,000 | | | |

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് 18.11.2019 ന് 25,000 രൂപയുടെ പ്രൊഫോർമ ഇൻവോയിസ് ലഭ്യമാക്കിയെങ്കിലും പദ്ധതി കാലയളവിൽ യാതൊരു മരുന്നുകളും ലഭിച്ചില്ല. ലഭ്യമാക്കിയ പ്രോജക്ട് ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന വിവരം വ്യക്തമായില്ല. മരുന്ന് ലഭ്യമാക്കാതെ എപ്രകാരമാണ് പ്രോജക്ട് നടപ്പിലാക്കിയതെന്ന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/16.09.16) ന് ലഭിച്ച മറുപടിയിൽ മരുന്ന് ലഭ്യമാകാത്തതിനാൽ ഒ.പി യിൽ നിന്നുള്ള മരുന്നുകളാണ് ഉപയോഗിച്ചത് എന്നറിയിച്ചിരിക്കുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന വിവരം ലഭ്യമാക്കിയില്ല. രോഗനിർണ്ണയം നടത്തിയ ശേഷമാണോ മരുന്നുകൾ ലഭ്യമാക്കിയത്, ക്യാമ്പ് എത്ര പേർ പങ്കെടുത്തു, എല്ലാ രോഗികൾക്കും മരുന്ന് ലഭ്യമായോ എന്നിവ കൂടി വിശദീകരിക്കേണ്ടതും പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

**1-17 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല**

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം | S00115/2020 |
| പദ്ധതി | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | 500000 (ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ) |
| ചെലവ് | 500000 |
| ബിൽ നം, തീയതി | 19100752012600035215/5.4.19 |

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 പ്രകാരം സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം 20 സംഘങ്ങൾക്ക് 25000 രൂപ വീതം റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുണ്ട്. ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ശാന്തൻപാറ സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച 2000006258 നമ്പർ അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ നേരിട്ട് ഒടുക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി സംബന്ധിച്ച ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ 6.9.2021 വരെ 294810/- രൂപ വിവിധ ഗ്രൂപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഒരോ സംരംഭകരും എത്ര വീതം തുക തിരികെ ഒടുക്കിയെന്ന് പരിശോധിക്കുവാൻ സാധിക്കുകയില്ല.

2. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് സംബന്ധിച് ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുമില്ല.

3. റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും, തവണ വ്യവസ്ഥകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഒന്നിച്ചും പ്രത്യേകമായും കരാർ വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

വി.ഇ.ഒ. യുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക വാർഷിക കണക്കിൽ അസ്സെറ്റ് ആയി ഉൾപ്പെടുത്തിയിട്ടില്ല. ഗ്രൂപ്പുകൾ തിരിച്ചടയ്ക്കുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തി തിരിച്ചടവിന്റെ പുരോഗതി ഗ്രാമപഞ്ചായത്ത് കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശംങ്ങൾ അറിയിക്കേണ്ടതാണ്.

**1-18 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത- നഷ്ടം ₹63366/-**

| | |
|---|---|
| പ്രോജക്ട് | 133/20 (109/19) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹36500/- (വികസന ഫണ്ട്)<br>₹ 462500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസനഥൻ | സെക്രട്ടറി |
| ചെലവ് ബിൽ നം./ തീയതി/ തുക | 19100752010560190628/05.04.19/₹318308/-<br>19100752010500035222/05.04.19/₹30319/-<br>19100752010500190627/05.04.19/₹144192/-<br>ആകെ ₹492819/- |

2018-19 വർഷം ഏറ്റെടുത്തതും 2019-20 വർഷം നിർവ്വഹണം പൂർത്തീകരിച്ചതുമായ മേൽപദ്ധതിക്കായി 15.10.2018 ലെ ബി1-400/18 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം" സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അടങ്കൽ ₹ 499000/-" എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. ആവശ്യമുള്ള സാമഗ്രികളുടെ വിവരം ഉൾപ്പെടുത്തിയിരുന്നില്ല. ഇടർന്ന് ലഭ്യമായ രണ്ട് ടെണ്ടറുകളിൽ വ്യത്യസ്തമായ ഇനങ്ങൾ ഉൾപ്പെടെ നിരക്ക് രേഖപ്പെടുത്തുകയും അതിൽ കാരിയേലിൽ ഇലക്ട്രിക്കൽ എനർജി & വാട്ടർ വിംഗ്സ് രാജാക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് ആവശ്യമായ സാമഗ്രികളുടെ അളവ് കണക്കാക്കുകയോ അതിന്റെ

അടിസ്ഥാനത്തിൽ താരതമ്യ പത്രിക തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. മാത്രമല്ല ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്താതിരുന്ന താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | നിരക്ക് | GST 12% | അളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Flood Light For High Mast Light | 4550 | 546 | 7 | 31850 | Invoice No. 1197/ 22.03.2019 |
| 2 | 1.5 HP Motor For High Mast Light | 15500 | 1860 | 1 | 17360 | Nvoice No. 1197/ 22.03.2019 |
| 3 | ഹൈമാസ്റ്റ് ലൈറ്റ് സർവ്വീസ് ചാർജ് | 12712 | 2288 | 1 | 15000 | Nvoice No. 12/ 22.03.2019 |

കൂടാതെ താഴെ പറയുന്ന ഇനങ്ങൾ, അംഗീകരിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങിയിരിക്കുന്നു. ഇത് മൂലം പഞ്ചായത്തിന് ₹63366/- യുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

| ക്രമ നം. | ഇനം | ടെണ്ടർ പ്രകാരമുള്ള നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) | ഇൻവോയ്സ് നം.1219 & 14/ 26.03.2019 പ്രകാരം നൽകിയ നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) | വ്യത്യാസം (₹) | എണ്ണം/ അളവ് | അധികമായി നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | 4mm Cable | 17.70 | 41.30 | 23.60 | 2135 മീ. | 50386 |
| 2 | Service Charge Per Post | 236 | 295 | 59 | 220 | 12980 |
| | ആകെ | | | | | 63366 |

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മെയിന്റനൻസ് നടത്തിയ 13 വാർഡുകളിലെയും വിവരം ഒരു രജിസ്റ്ററിൽ എഴുതുന്നുണ്ടെങ്കിലും എത്ര സാമഗ്രികൾ ഉപയോഗിച്ചെന്നോ എത്ര പോസ്റ്റിൽ മെയിന്റനൻസ് നടത്തിയെന്നോ കണക്കാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചെയ്ത പ്രവൃത്തി സംബന്ധിച്ച് മോണിറ്ററിംഗ് നടത്താതെ ലഭിച്ച ബിൽ പ്രകാരം സർവ്വീസ് ചാർജ് ഉൾപ്പെടെയുള്ള തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. വാങ്ങിയ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 16.09.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4 ന് ലഭ്യമാക്കിയ മറുപടിയിൽ പൂപ്പാറ ടൌണിലുള്ള ഹൈമാസ്റ്റ് ലൈറ്റിന്റെ കേബിൾ, ലൈറ്റുകൾ, മോട്ടോർ എന്നിവ ഇടിമിന്നലിൽ നശിച്ചു പോയതാണെന്നും വളരെ തിരക്കുള്ള റോഡ് ആയതിനാലും വലിയ പരാതിക്കും പത്രവാർത്തകൾക്കും കാരണമായതിനാലും അടിയന്തിരമായി റോഡിന് മുകളിലൂടെ കേബിൾ സ്ഥാപിക്കേണ്ടി വന്നതിനാലാണ് ടെണ്ടറിൽ ഉൾപ്പെടാത്ത സാമഗ്രികൾ വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തിയത് സംബന്ധിച്ച് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി അനുവദിച്ച ₹63366/- നഷ്ടത്തിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

**<u>1-19 കുരുമുളക് തൈ വിതരണം- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല</u>**

| | |
|---|---|
| പ്രോജക്ട് | 99/20, കുരുമുളക് തൈ വിതരണം |
| അടങ്കൽ | ₹200000/- (വികസന ഫണ്ട് ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് ബിൽ നം./ തീയതി/ തുക | 19100752007901040153/ 06.01.2020/ ₹200000/- |

കുരുമുളകിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കുരുമുളക് തൈ ടെണ്ടർ വഴി വാങ്ങി വിതരണം നടത്തുന്നതിന് 2019-20 വർഷം വിഭാവനം ചെയ്ത മേൽ പദ്ധതിക്കായി കുരുമുളക് തൈ വാങ്ങുന്നതിന് 05.11.2019 ൽ ഇ-ടെണ്ടർ വിളിച്ചെങ്കിലും തൊടുപുഴ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെയ്കോ) എന്ന സ്ഥാപനം മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്. എന്നാൽ റീ ടെണ്ടർ നടത്താതെ കെയ്കോയിൽ നിന്നും 20000 തൈകൾ ₹10/- നിരക്കിൽ നേരിട്ട് വാങ്ങിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങളും നടീൽ വസ്തുക്കളും, ജൈവ വളവും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (കെയ്കോ) നിന്നും ടെണ്ടർ കൂടാതെ വാങ്ങുവാൻ അനുമതി നൽകണമെന്ന കെയ്കോ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 18.12.2019 ലെ സ.ഉ.(സാധാ)നം.2881/2019/ത.സ്വ.ഭ.വ. ഉത്തരവിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) സ്വന്തമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നടീൽ വസ്തുക്കൾ ഉൾപ്പെടുന്നില്ലയെന്നതിനാൽ കെയ്കോയിൽ നിന്നും വാങ്ങൽ നടത്തിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 16.09.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8 ന് ലഭ്യമാക്കിയ മറുപടിയിൽ തൈവിതരണം തുലാവർഷ ഞാറ്റുവേല കാലയളവിൽ നടത്തേണ്ടതിനാൽ വീണ്ടും ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടിവന്നാൽ പദ്ധതി തുടർ വർഷത്തിലേക്ക് മാറ്റിവെയ്ക്കേണ്ടിവരും എന്നതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ലഭിച്ച ടെണ്ടർ പരിഗണിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുകയാണ് ഉണ്ടായത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. കെയ്കോ ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് തൈ ഒന്നിന് ₹11.89/- ആയിരുന്നത് സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് ₹10/- നിരക്കിൽ ₹200000/- യുടെ വാങ്ങൽ നടത്തിയിട്ടുള്ളതിനാൽ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതാണ്. എന്നാൽ തുടർ വർഷങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വാങ്ങൽ നടത്തേണ്ടതാണ്.

**<u>1-20 പൂരകപോഷകാഹാര പദ്ധതികൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല-₹3003597/- തടസ്സപ്പെടുത്തുന്നു</u>**

സംയോജിത ശിശു വികസന ഓഫീസർ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പോഷകാഹാര പദ്ധതികൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം/പേര് | ബിൽ/ചെക്ക് നം/തിയതി | തുക | ഫണ്ട് |
|---|---|---|---|
| 13/2019-20 അംഗൻവാടി പൂരകപോഷകാഹാരം | 19100752013000447790/30.08.2019 | 426782 | വികസനഫണ്ട് പൊതുവിഭാഗം |
| | 19100752013000664490/21.10.2019 | 200741 | |
| | 19100752013000823061/13.12.2019 | 336882 | |
| | 19100752013001278565/16.03.2020 | 352708 | |
| | 19100752013001296002/23.03.2020 | 50321 | |
| | 19100752013001481861/23.03.2020 | 65598 | |
| | 19100752013001540272/25.03.2020 | 50025 | |
| | 1868221/14.08.2019 | 249930 | കേന്ദ്ര വിഹിതം |
| | 1868230/ 25.10.2019 | 88075 | |
| | 446497/27.03.2020 | 140065 | |
| 14/2019-20 അംഗൻവാടി പൂരകപോഷകാഹാരം (എസ്.സി) | 19100752013000807578/02.12.2019 | 279593 | വികസനഫണ്ട്-എസ്.സി.പി |
| | 19100752013000807581/02.12.2019 | 162263 | |
| | 19100752013000807584/02.12.2019 | 277978 | |
| | 19100752013000912465/13.12.2019 | 53440 | |
| | 868221/14.08.2019 | 54825 | കേന്ദ്ര വിഹിതം |
| | 5125303/06.11.2019 | 35046 | |
| 15/2019-20 അംഗൻവാടി പൂരകപോഷകാഹാരം (ടി.എസ്.പി) | 19100752013001278563/16.03.2020 | 176000 | വികസനഫണ്ട്-ടി.എസ്.പി |
| | 1868221/14.08.2019 | 3325 | കേന്ദ്ര വിഹിതം |
| ആകെ | | 3003597 | |

പൂരകപോഷകാഹാര പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹3003597/- തടസ്സപ്പെടുത്തുന്നു. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിവിധ അംഗൻവാടികൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- വാങ്ങൽ നപടി ക്രമങ്ങളിൽ അപാകത - നഷ്ടം ₹63366/-

| | |
|---|---|
| പ്രോജക്ട് | 133/20 (109/19) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹36500/- (വികസന ഫണ്ട്)<br>₹ 462500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് ബിൽ നം./ തീയതി/ തുക | 19100752010560190628/05.04.19/₹318308/-<br>19100752010500035222/05.04.19/₹30319/-<br>19100752010500190627/05.04.19/₹144192/-<br>ആകെ ₹492819/- |

2018-19 വർഷം ഏറ്റെടുത്തതും 2019-20 വർഷം നിർവ്വഹണം പൂർത്തീകരിച്ചതുമായ മേൽപദ്ധതിക്കായി 15.10.2018 ലെ ബി1-400/18 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം" സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അടങ്കൽ ₹ 499000/-" എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. ആവശ്യമുള്ള സാമഗ്രികളുടെ വിവരം ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് ലഭ്യമായ രണ്ട് ടെണ്ടറുകളിൽ വ്യത്യസ്തമായ ഇനങ്ങൾ ഉൾപ്പെടെ നിരക്ക് രേഖപ്പെടുത്തുകയും അതിൽ കാരിയേലിൽ ഇലക്ട്രിക്കൽ എനർജി & വാട്ടർ വിംഗ്സ് രാജാക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് ആവശ്യമായ സാമഗ്രികളുടെ അളവ് കണക്കാക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ താരതമ്യ പത്രിക തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. മാത്രമല്ല ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്താതിരുന്ന താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | നിരക്ക് | GST 12% | അളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | Flood Light For High Mast Light | 4550 | 546 | 7 | 31850 | Invoice No. 1197/ 22.03.2019 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 1.5 HP Motor For High Mast Light | 15500 | 1860 | 1 | 17360 | Nvoice No. 1197/ 22.03.2019 |
| 3 | ഹൈമാസ്റ്റ് ലൈറ്റ് സർവ്വീസ് ചാർജ് | 12712 | 2288 | 1 | 15000 | Nvoice No. 12/ 22.03.2019 |

കൂടാതെ താഴെ പറയുന്ന ഇനങ്ങൾ, അംഗീകരിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങിയിരിക്കുന്നു. ഇത് മൂലം പഞ്ചായത്തിന് ₹63366/- യുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

| ക്രമ നം. | ഇനം | ടെണ്ടർ പ്രകാരമുള്ള നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) മീറ്ററിന് | ഇൻവോയ്സ് നം.1219 & 14/ 26.03.2019 പ്രകാരം നൽകിയ നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) ₹ | വ്യത്യാസം (₹) | എണ്ണം/ അളവ് | ആധികമായി നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | 4mm Cable | 17.70 | 41.30 | 23.60 | 2135 മീ. | 50386 |
| 2 | Service Charge Per Post | 236 | 295 | 59 | 220 | 12980 |
| | ആകെ | | | | | 63366 |

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മെയിന്റനൻസ് നടത്തിയ 13 വാർഡുകളിലെയും വിവരം ഒരു രജിസ്റ്ററിൽ എഴുതുന്നുണ്ടെങ്കിലും എത്ര സാമഗ്രികൾ ഉപയോഗിച്ചെന്നോ എത്ര പോസ്റ്റിൽ മെയിന്റനൻസ് നടത്തിയെന്നോ കണക്കാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചെയ്ത പ്രവൃത്തി സംബന്ധിച്ച് യാതൊരു താരതമ്യവും നടത്താതെ ലഭിച്ച ബിൽ പ്രകാരം സർവ്വീസ് ചാർജ് ഉൾപ്പെടെയുള്ള തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. വാങ്ങിയ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 16.09.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4 ന് ലഭ്യമാക്കിയ മറുപടിയിൽ പൂപ്പാറ ടൗണിലുള്ള ഹൈമാസ്റ്റ് ലൈറ്റിന്റെ കേബിൾ, ലൈറ്റുകൾ, മോട്ടോർ എന്നിവ ഇടിമിന്നലിൽ നശിച്ചു പോയതാണെന്നും വളരെ തിരക്കുള്ള റോഡ് ആയതിനാലും വലിയ പരാതിക്കും പത്രവാർത്തകൾക്കും കാരണമായതിനാലും അടിയന്തിരമായി റോഡിന് മുകളിലൂടെ കേബിൾ സ്ഥാപിക്കേണ്ടി വന്നതിനാലാണ് ടെണ്ടറിൽ ഉൾപ്പെടാത്ത സാമഗ്രികൾ വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തിയത് സംബന്ധിച്ച് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി അനുവദിച്ച ₹63366/- നഷ്ടത്തിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

**3-2 കാലി വീപ്പയുടെ വില ഈടാക്കിയില്ല**

ഗ്രാമപഞ്ചായത്തിൽ തൻവർഷം സംരക്ഷണ ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ച് അസി.എഞ്ചിനിയർ നടപ്പാക്കിയ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കാരാറുകാർക്ക് നൽകിയ അന്തിമ ബിൽ തുകയിൽ നിന്നും കാലി വീപ്പയുടെ വില കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ തുക | കരാറുകാരൻ &അളവുബുക്ക് | പ്രവൃത്തി ക്കുവേണ്ടി ഉപയോഗിച്ച ബിറ്റുമിൻ (ബാരൽ) | കാലിവീപ്പ ഒന്നിന് ₹238/- നിരക്കിൽ (18% ജി.എസ്.ടി ഉൾപ്പടെ) ഈടാക്കേണ്ടിയിരുന്ന തുക | ബിൽ നം/ തീയതി&തുക |
|---|---|---|---|---|---|
| തൊട്ടിക്കാനം പള്ളിക്കുന്ന് റോഡ്(180/20) | ₹600000/- (മെയിന്റനൻസ് ഗ്രാന്റ്) | ജയിംസ് മാത്യു 529/18-19 | 22 | 5236 GST-₹942/- | 19100752010600590552/ 26.9.19 ₹599847/- |
| പള്ളിക്കുന്ന് ചേരിയാർ റോഡ് (188/20) | ₹600000/- (മെയിന്റനൻസ് ഗ്രാന്റ്) | ജയിംസ് മാത്യു 569/18-19 | 31 | 7378 GST-₹1328/ | 19100752010600590550/ 26.9.19 ₹594361/- |
| രാജാപ്പാറ പുതുപ്പാറ റോഡ്(192/20) | ₹600000/- (മെയിന്റനൻസ് ഗ്രാന്റ്) | ജയിംസ് മാത്യു 179/18-19 | 13 | 3094 GST-₹557/- | 19100752010600590553/ 26.09.19 ₹599694/- |
| കാവുങ്കൽ ഉപ്പാറപുൽറോഡ് (129/20) | ₹400000/- (മെയിന്റനൻസ് ഗ്രാന്റ്) | ജയിംസ് മാത്യു 179/18-19 | 13 | 3094 GST-₹557/ | 181007520106014866/ 30.4.19 ₹392503/- |
| കള്ളിപ്പാറ കാവുങ്കൽ പടി റോഡ്(130/20) | ₹400000/- (മെയിന്റനൻസ് ഗ്രാന്റ്) | ജയിംസ് മാത്യു 285/20-21 | 12 | 2856 GST-₹514/- | 18100752010601486625/ 30.4.19 ₹391767/- |

| | | | | | |
|---|---|---|---|---|---|
| പൂപ്പാറ വില്ലേജ് ഓഫീസ് പടി തൊട്ടിക്കാനം റോഡ്(132/20) | ₹400000/- (മെയിന്റനൻസ് ഗ്രാന്റ്) | കെ.ആർ രവീന്ദ്രൻ 180/18-19 | 12 | 2856 GST-₹514/- | 18100752010601489387/ 30.4.19 ₹399900/- |
| മട്ടാഞ്ചേരി റോഡ്(126/20) | ₹1500000/- (മെയിന്റനൻസ് ഗ്രാന്റ്) | ജയിംസ് മാത്യു 534/18-19 | 39 | 9282 GST-1671/- | 18100752010601561688/ 30.4.19 ₹1421628/- |
| ആകെ | | | | ₹33796/- +GST-₹6083/- | |

ടാറിംഗ് പ്രവൃത്തികളിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.5/16.9.21) മറുപടി ലഭിച്ചിട്ടില്ല. കാലി വീപ്പയുടെ വിലയിനത്തിലുള്ള നഷ്ടം ₹33796/-യും ജി.എസ്.ടി ഇനത്തിലുള്ള നഷ്ടം ₹6083/-യും ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

**3-3 പൂപ്പാറ ഗവ. എൽ.പി സ്കൂളിന് സംരക്ഷണ ഭിത്തി-ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല**

| | |
|---|---|
| പ്രോജക്ട് നം | 195/20 |
| പദ്ധതി അടങ്കൽ | ₹906456/-(വികസന ഫണ്ട്-₹157316/-; ധനകാര്യ കമ്മീഷൻ ഗ്രാന്റ്-₹723448/-) |
| കൺവീനർ | ശ്രീ സതീശൻ, മുരുകവിലാസം |
| അളവുബുക്ക് | 493/18-19 |
| ബിൽ നം/ തീയതി&തുക | 19100752010600314559/8.7.19; ₹704859/(പാർട്ട് ബിൽ) |

ഗുണഭോക്തൃ സമിതി മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. MORD സ്പെസിഫിക്കേഷൻ പ്രകാരം DSR 2016 നിരക്കിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ആകെ പ്രവൃത്തിമൂല്യത്തിന്റ 5.5% ഓവർഹെഡ് ചാർജ്ജിനത്തിൽ പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത തുകയാണ് കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്. അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന് അന്തിമ ബിൽ നാളിതുവരെ അനുവദിക്കുകയും ചെയ്തിട്ടില്ല. ആകെ പ്രവൃത്തിമൂല്യമായ ₹722932/-യിൽ നിന്നും 2.5% റീട്ടെൻഷൻ ₹18073/- കിഴിവ് വരുത്തിയിട്ടുണ്ടെങ്കിലും ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്യാതെ ഐ.ടി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി, ടി.ഡി.എസ്. എന്നീ നികുതിയിനങ്ങൾ കുറവ് ചെയ്ത് ₹669614/- കൺവീനർക്ക് നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്യമായ ₹722932/-യുടെ 5.5% ആയ ₹39761/- ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.6/16.09.21) മറുപടി നൽകിയിട്ടില്ല. ₹39761/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

**4-1 വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | |

**4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 116850 | 100/2019-20-വൃദ്ധർക്ക് കട്ടിൽ | 0 | 116850 |
| | 2018-19 | 32275 | 16/2019-20 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 31950 | 325 |
| | 2018-19 | 400000 | ലൈഫ്-എസ്.ടി | 0 | 400000 |
| | 2018-19 | 597217 | ലൈഫ്-എസ്.സി | 597217 | 0 |
| | 2019-20 | 1201750 | ലൈഫ്-എസ്.സി | 1201750 | 0 |
| | 2019-20 | 2086080 | ലൈഫ്-ജനറൽ | 2086080 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2018-19 | 60000 | 16/2019-20 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 60000 | 0 |

**4-3 നിക്ഷേപ പ്രവൃത്തികൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

2019-20ൽ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച ₹13380000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ)229/2010/ തസ്വഭവ തി. 21.01.2010 | 17710261 | 4708624 | 1943522 | 150000 | 2765102 |
| ലൈഫ് ഭവനപദ്ധതി | | 28960000 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന തുക -15580000<br>ലഭിച്ച വായ്പ – 13380000<br>ആകെ- 28960000 | 1867647 | - | 27092353 |

**4-6 സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 190250 |
| തൻവർഷം നിക്ഷേപിച്ച തുക | 17123 |
| ആകെ | 207373 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 207373 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ് ) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.1.193, നെടുങ്കണ്ടം | 31.03.2020 | 1 വർഷം | 2073773 | |
| | | | **ആകെ** | **207373** | |

**4-7 ഓഡിറ്റ് റിക്കവറി**

2019-20 സാമ്പത്തിക വർഷം ഓഡിറ്റ് റിക്കവറിയായി ലഭിച്ച ₹206/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയതി |
|---|---|---|---|---|
| 2010-11, 2011-12 | 3-3 | 206 | ശ്രീ. ഷറഫുദീൻ, സെക്രട്ടറി | 119040101542/ 30.08.2019 |
| ആകെ | | 206 | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | - |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2015-16 | - |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

## (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക ₹ | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതി | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | യും | | നമ്പർ/ തീയതി) | ക്കിയ തുക (തീയതി) | ₹ | തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 25 | P.A. Sathidas, Secretary, | LF.15634/ SC2/02 Dt.21.05.03 | 3211 | തുക അടവാക്കിയിട്ടില്ല | | | | | 3211 | |
| 2 | 1999-00 | 26 | P. D. Raveendran, Secretary | LF. 22159/03 Dt.24.7.04 | 26800 | തുക അടവാക്കിയിട്ടില്ല | | | | | 26800 | |
| 3 | 2001-02 | 2-6 | V. Jayaprakash | LF 14469/05 Dt.25.9.06 | 2288 | തുക ഈടാക്കിയിട്ടില്ല | | | | | 2288 | |

(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യു റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28, 32, 35, 41, | P.A. Sathidas, Secretary | LF 15634/ SP.Cell/ S.C2/02 Dt.21.5.03 | 7591 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 7591 | |
| 2 | 1998-99 | 39 | Varghese Samuel, Agri Officer | LF 15634/ SP.Cell/ S.C2/02 Dt.27.3.03 | 37430 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | CMA 118/03, Dist Court, Thodu Puzha To DD Dated 25.02.04 | | | | 37430 | |
| 3 | 1999-00 | 44 | P.D. Raveendran, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 4700 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 4700 | |
| 4 | 1999-00 | 46 | K. Vijayakumar, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 37000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 37000 | |
| 5 | 1999-00 | 43 | A.Saydu, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 8000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 8000 | |

## <u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

**(എ)<u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹25694590 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹83045337 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 108739927 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹79947512 |
| തൻവർഷ നീക്കിയിരുപ്പ് | ₹28792415 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹136923/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3096367/- |

**(ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ₹ | സർചാർജ്ജ് ₹ | |
| 3-1 | | 63366 | ശ്രീ. ബാബു സുരേഷ് എ.വി., സെക്രട്ടറി |
| 3-2 | | 33796 | ₹15708 – ശ്രീ ഷംനാദ് എസ്, അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | ₹18088 – ശ്രീ രാജേഷ് രാജൻ അസി.എഞ്ചിനീയർ |
| 3-3 | | 39761 | ശ്രീ രാജേഷ് രാജൻ, അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | ₹92770 | ശ്രീ രാജേഷ് രാജൻ, അസി.എഞ്ചിനീയർ |
| 1-20 | ₹3003597 | ശ്രീമതി ആൻസി മറിയം പോൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

**(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹6083 | ₹2827 – ശ്രീ ഷംനാദ് എസ്, അസി.എഞ്ചിനീയർ<br>₹ 3256 – ശ്രീ രാജേഷ് രാജൻ, അസി.എഞ്ചിനീയർ |

**(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ് രാജൻ, അസി. എഞ്ചിനിയർ | ലഭ്യമല്ല | കാർത്തിക, അറവുകാട്, പുന്നപ്ര പി.ഒ, ആലപ്പുഴ ജില്ല |
| ശ്രീമതി ആൻസി മറിയം പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് | പടിഞ്ഞാറെ അയ്യപ്പിള്ളിയിൽ ഹൌസ്, മേക്കടമ്പ് പി.ഒ., കടാതി, മൂവാറ്റുപുഴ, എറണാകുളം ജില്ല |
| ശ്രീ ഷംനാദ് എസ്, അസി. എഞ്ചിനിയർ | ലഭ്യമല്ല | മക്കടത്തറയിൽ(H), കണ്ണംകര ഭാഗം, പന്മന പി.ഒ, ചവറ, കൊല്ലം ജില്ല |
| ശ്രീ. ബാബു സുരേഷ് എ.വി., സെക്രട്ടറി | ലഭ്യമല്ല | എല്ലുകുന്നേൽ വീട്, രാജാക്കാട് പി.ഒ, ഇടുക്കി ജില്ല |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

1961-62 മുതൽ 1997-98 വരെ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1961-62 | എൽ.എഫ്.ഐ-5/555/90/ 4.9.1990 | |
| 1966-67 | - ടി - | |
| 1969-70 | - ടി - | |
| 1970-71 | - ടി - | |

| | | |
|---|---|---|
| 1972-73 | - ടി - | |
| 1973-74 | - ടി - | |
| 1974-75 | - ടി - | |
| 1975-76 | എൽ.എഫ്.ഐ-5/3101/പി3/-7/ 3.12.1977 | |
| 1976-77 | എൽ.എഫ്.ഐ-5/2565/പി3/-78 3.8.1979 | |
| 1977-78 | എൽ.എഫ്.ഐ-5/79/80 20.6.1980 | |
| 1978-79 | എൽ.എഫ്.ഐ-5/178/81 2.2.1981 | |
| 1979-80 | എൽ.എഫ്.ഐ-5/55/82 12.1.1982 | |
| 1980-81 | എൽ.എഫ്.ഐ-5/915/82 8.8.1983 | |
| 1981-82 | എൽ.എഫ്.ഐ-5/1105/83 5.4.1984 | |
| 1982-83 | എൽ.എഫ്.ഐ-5/85/87 3.3.1988 | |
| 1983-84 | എൽ.എഫ്.ഐ-5/859/88 7.6.1988 | |
| 1984-85 | എൽ.എഫ്.ഐ-5/384/88/15.6.1988 | |
| 1985-86 | എൽ.എഫ്.ഐ-5/890/90 11.12.1990 | |
| 1986-87 | എൽ.എഫ്.ഐ-5/915/90 12.10.1990 | |
| 1987-88 | എൽ.എഫ്.ഐ-5/415/91 6.6.1991 | |
| 1988-89<br>1989-90 | എൽ.എഫ്.ഐ-5/202/93 27.2.1993 | |
| 1990-91<br>1991-92 | എൽ.എഫ്.ഐ-5/119/94 18.3.1994 | |
| 1992-93 | എൽ.എഫ്.ഐ-5/291/94 27.8.1994 | |
| 1993-94<br>1994-95 | എൽ.എഫ്.ഐ-5/79/472/ 4.1.1997 | |
| 1996-97 | എൽ.എഫ്.ഐ-9/182/01 6.5.2001 | |
| 1997-98 | എൽ.എഫ്.ഐ-9/352/02 26.7.2002 | |

1998-99 മുതൽ 2018-19 വരെ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 9 | 25, 28, 32, 35, 39, 41 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 5 | 26, 43, 44, 46, 49, 50, 51, 52, 53 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 37 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 2-6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 3-4 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 3-5 |
| 2006-07 | എൽ.എഫ്.ഐ-14/1044/2010 26.05.2011/04.08.2011 | 12 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | എൽ.എഫ്.ഐ-14/1159/ 11/07.03.12 | 9 | 1(1),2-1,2-2, 2-3, 2-4, 3-1, 3-2, 3-3, 3-4 |
| 2008-09 | നം.എൽ.എഫ്.ഐ-14/ 1159/11/31.12.2012 | 13 | 1(1),1(2),1-3,2-2, 2-3, 2-4, 3-4, 3-5, 3-6,3-7, 3-8, 3-9, 3-10 |
| 2009-10 | നം.എൽ.എഫ്.ഐ.14/ 655/12/06.06.14 | 16 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, |

| | | | |
|---|---|---|---|
| | | | 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2010-11<br>2011-12 | എൽ.എഫ്.ഐ-14/623/13<br>01.04.2015 | 15 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10,3-11 |
| 2012-13 | കെ.എസ്.എ-<br>ഐ.ഡി.കെ.14/1384/15/<br>09.05.2016 | 7 | 2-1, 2-2, 3-1, 3-2, 3-3, 3-5,3-8 |
| 2013-14 &<br>2014-15 | കെ.എസ്.എ/<br>ഐ.ഡി.കെ-14/1600/18/06.04.18 | 18 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2015-16 | കെ.എസ്.എ/<br>ഐ.ഡി.കെ-14/415/2017/18.04.2017 | 9 | 2-1, 2-2, 2-3, 3-1, 3-3, 3-4, 3-5,3-6, 3-7 |
| 2016-17 | കെ.എസ്.എ/<br>ഐ.ഡി.കെ-14/16/2018/03.04.2018 | 9 | 2-2, 2-3, 3-1, 3-5, 3-6, 3-7,3-8, 3-10, 3-11 |
| 2017-18 | കെ.എസ്.എ/<br>ഐ.ഡി.കെ-14/982/2018<br>24.09.2018/12.11.2018 | 9 | 1-1 മുതൽ 1-12 വരെ,<br>2-1 മുതൽ 2-2 വരെ,<br>3-1 മുതൽ 3-5 വരെ,<br>4-1 മുതൽ 4-10 വരെ |
| 2018-19 | കെ.എസ്.എ/<br>ഐ.ഡി.കെ-14/615/2019<br>തീയതി. 30.08.2019 | 15 | 1-12, 1-13, 2-2, 3-1, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്